**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 513** **13-10-2026-ൽ മറുപടിയ്ക്ക്**

**ഇരിങ്ങാലക്കുട കേന്ദ്രീകരിച്ച് ഐ.ടി. പാർക്ക്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ ഐ.ടി. മേഖലയിലെ വിദഗ്ധരുടെ എണ്ണം വളരെ കൂടുതലായി ഉയരുന്നതിനാലും നാട്ടിൽതന്നെ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനും ഇരിങ്ങാലക്കുട കേന്ദ്രമാക്കി ടെക്നോപാർക്ക് മാതൃകയിൽ ഒരു ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** ഭൂമിയുടെ ലഭ്യത, കണക്റ്റിവിറ്റി, നിക്ഷേപ സാധ്യതകൾ, കമ്പനികളുടെ താത്പര്യം, പദ്ധതികളുടെ പ്രായോഗികത എന്നിവ മുൻനിർത്തിയാണ് ഐ.ടി പാർക്ക് സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നത്. ഈ വ്യവസ്ഥകൾ പാലിച്ച് ഇരിങ്ങാലക്കുട കേന്ദ്രമാക്കി ഐ.ടി പാർക്ക് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. സംസ്ഥാനത്ത് ഐ.ടി മേഖലയുടെ വികേന്ദ്രീകൃത വളർച്ച ലക്ഷ്യമിട്ട് പ്രധാന കേന്ദ്രങ്ങൾക്ക് പുറമെ അനുയോജ്യമായ മറ്റ് പ്രദേശങ്ങളിലേക്കും ഘട്ടങ്ങളായി ഐ.ടി ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** ഐ.ടി. അധിഷ്ഠിത സംരംഭങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ആരംഭിക്കുമ്പോൾ പട്ടണത്തിലേക്കുള്ള ജനങ്ങളുടെ തൊഴിൽ തേടിയുള്ള കുടിയേറ്റം ഒരു പരിധിവരെ തടയാമെന്നിരിക്കെ ഇത്തരം സംരംഭങ്ങൾ പ്രാദേശികമായി നല്ല നിലയിൽ ആരംഭിച്ച് കേരളത്തെ നല്ല ഒരു ഐ.ടി. ഹബ്ബ് ആയി വളർത്തുവാൻ നടപടി സ്വീകരിക്കുമോ?

**മറുപടി:** ഭൂമിയുടെ ലഭ്യത, കണക്റ്റിവിറ്റി, നിക്ഷേപ സാധ്യതകൾ, കമ്പനികളുടെ താത്പര്യം, പദ്ധതികളുടെ പ്രായോഗികത എന്നിവ മുൻനിർത്തിയാണ് ഐ.ടി പാർക്ക് സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നത്. ഈ വ്യവസ്ഥകൾ പാലിച്ച് ഇരിങ്ങാലക്കുട കേന്ദ്രമാക്കി ഐ.ടി പാർക്ക് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

സംസ്ഥാനത്ത് ഐ.ടി മേഖലയുടെ വികേന്ദ്രീകൃത വളർച്ച ലക്ഷ്യമിട്ട് പ്രധാന കേന്ദ്രങ്ങൾക്ക് പുറമെ അനുയോജ്യമായ മറ്റ് പ്രദേശങ്ങളിലേക്കും ഘട്ടങ്ങളായി ഐ.ടി ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**